(സി) ഇതനുസരിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ താഴെപ്പറയുന്നവയാണ്:

1. അപേക്ഷകരുടെ അഭിരുചിക്കനുസരിച്ച് വിജയസാദ്ധ്യതയുള്ള പദ്ധതികൾ കണ്ടെത്തി അവ ആവിഷ്കരിക്കാനുള്ള സഹായം.

2. സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശീലനവും.

3. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നു.

4. ഏകജാലകം വഴി സമയ ബന്ധിത ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നു.

5. പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.

6. വ്യാവസായികാവശ്യത്തിനുള്ള തദ്ദേശഭരണ/സംസ്ഥാന സർക്കാർ സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

7. വ്യാവസായിക സബ്സിഡി, മാർജിൻമണി ലോൺ തുടങ്ങിയവ സമയ ബന്ധിതമായി ലഭ്യമാക്കുന്നു.

8. ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിപണനത്തിന് സൗകര്യമൊരുക്കുന്നു.

9. വ്യാവസായിക ക്ലസ്റ്റർ രൂപീകരണം, അസംസ്കൃതവസ്തു സംഭരിക്കാനുള്ള പദ്ധതി, പൊതുവിപണന സമ്പ്രദായം എന്നിവ ഒരുക്കുന്നു.

പാറ പൊട്ടിക്കുന്നതിനുള്ള പെർമിറ്റ്

27 [478] *ശ്രീ. പി. ജെ. ജോയി:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *കെ. സുധാകരൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽനിന്നും ഗവൺമെന്റ് പുറമ്പോക്കിൽനിന്നും പാറ പൊട്ടിക്കുന്നതിന് പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമം എന്താണ്;

(ബി) പാറ പൊട്ടിക്കുന്നതിന് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം ആർക്കാണ്;

(സി) പെർമിറ്റ് കൂടാതെ ടെമ്പററി ലൈസൻസ് ഉപയോഗിച്ച് പാറ പൊട്ടിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൊല്ലം, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ പുറമ്പോക്കുഭൂമിയിൽനിന്ന് പാറ പൊട്ടിക്കുവാൻ റവന്യൂ വകുപ്പ് ടെമ്പററി ലൈസൻസ് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അവ ഉപയോഗിച്ച് എത്ര ടൺ പാറ പൊട്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ ഭൂമിയിൽനിന്നും ഉടമസ്ഥന്റെ സമ്മത പത്രവും, പുറമ്പോക്ക് ഭൂമിയിൽനിന്നും ജില്ലാ കളക്ടർ നൽകുന്ന എൻ. ഒ. സി. യും ചേർത്ത് നിശ്ചിത ഫീസ് ഒടുക്കി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കനുസൃതമായി ക്വാറിയിങ് പെർമിറ്റിന് അപേക്ഷിക്കണം.

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റിനാണ് ഇതിനുള്ള അധികാരം. (പുറമ്പോക്കു ഭൂമിയാണെങ്കിൽ തഹസിൽദാർ തുടങ്ങി മുകളിലുള്ള റവന്യൂ ഉദ്യോഗസ്ഥർക്കും ഒരു നിശ്ചിത പരിധിവരെയുള്ള അളവിൽ പെർമിറ്റ് നൽകാൻ അധികാരം നൽകിയിട്ടുണ്ട്.)

(സി) നിയമാനുസൃതമല്ല.

(ഡി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കനുസൃതമായാണ് പാറ പൊട്ടിക്കുന്നതിനുള്ള ക്വാറിയിംഗ് പെർമിറ്റ് നൽകുന്നത്. ഇതിൽ ടെസറി ലൈസൻസ് നൽകാൻ വകുപ്പില്ല. റവന്യൂ വകുപ്പ് മറ്റും നിയമപ്രകാരം ഏതെങ്കിലും ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവയുടെ ഖനനം

28 [479] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് താലൂക്കിലെ കരിന്തളം വില്ലേജിലെ 89-ാം നമ്പർ സർവ്വേ നമ്പരിലും കിനാനൂർ വില്ലേജിലെ 156, 198, 246, 248, 274 സർവ്വേ നമ്പരുകളിലുംപെട്ട ഭൂമിയിൽനിന്നും ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവ ഖനനം ചെയ്യുന്നതിനായി മുംബൈ ആശാപുര മൈൻ ഫെം ലിമിറ്റഡ് നൽകിയ അപേക്ഷയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർവ്വേ നമ്പരുകളിലായി എത്ര ഏക്കർ ഭൂമിയിൽ ഖനനം നടത്തുന്നതിനാണ് പ്രസ്തുത സ്ഥാപനം അപേക്ഷ നൽകിയിട്ടുള്ളതെന്നും അത്രയും ഭൂമി അവരുടെ ഉടമസ്ഥതയിൽ ലഭ്യമാണോ എന്നും വ്യക്തമാക്കാമോ;

(സി) മേൽ സർവ്വേ നമ്പരുകളിലായി എന്തൊക്കെ ധാതുജങ്ങളാണ് ലഭ്യമായിട്ടുള്ളതെന്നും അവ ഓരോന്നും എത്ര മീറ്റർ ആഴത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly